**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3577** **15-02-2024 - ൽ മറുപടിയ്ക്ക്**

**എരുമേലിയിൽ ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലിയിൽ ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം വിവിധ വികസന പ്രവർത്തനങ്ങൾക്ക് ഉപയുക്തമാക്കുംവിധം പദ്ധതികൾ ആവിഷ്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലിയിൽ ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തു ഒരു അന്താരാഷ്ട്ര ടൂറിസം ഹബ് പദ്ധതി പൊതു സ്വകാര്യ പങ്കാളിത്തം ഉറപ്പ് വരുത്തി നടപ്പിലാക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിച്ചു വരുന്നു. ഇന്ത്യയിലെ പ്രസിദ്ധമായ തീർത്ഥാടന കേന്ദ്രമായ ശബരിമലയിലേയ്ക്കുള്ള തീർത്ഥാടകരുടെ എണ്ണം വർഷം തോറും വർദ്ധിച്ചു വരുന്ന സാഹചര്യത്തിലും, പ്രസ്തുത സ്ഥലം ദക്ഷിണ ഇന്ത്യയിലെ സുപ്രധാന വിനോദ സഞ്ചാര കേന്ദ്രമായ തേക്കടിയുടെ സമീപത്തായതിനാലും ടി പദ്ധതി നടപ്പിലാക്കുന്നതിലൂടെ പിൽഗ്രിമേജ് ടൂറിസം /വിനോദ സഞ്ചാര ടൂറിസം എന്നിവയുടെ വികസനം സാദ്ധ്യമാക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ